പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7857 — 16.07.2014-ൽ മറുപടിയ്ക്ക്

## പുറത്തുനിന്നുള്ള വൈദ്യുതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഈ വർഷം എത്ര യൂണിറ്റ് വൈദ്യുതി കേന്ദ്ര പൂളിൽ നിന്നും വൈദ്യുതി എക്സ്ചേഞ്ചിൽ നിന്നുമായി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;<br><br>(ബി) ഇതിന് എന്ത് ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (എ) & (ബി) | ഈ വർഷം കേന്ദ്ര പൂളിൽ നിന്നും കെ. എസ്. ഇ. ബിയുടെ പെരിഫെറിയിൽ പ്രതിദിനം ശരാശരി 27 ദശ ലക്ഷം യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതു കൂടാതെ എനർജി എക്സ്ചേഞ്ച്, വൈദ്യുതി വ്യാപാരികൾ, മറ്റു മേഖലയിലുള്ള വൈദ്യുതി ഉത്പാദകർ തുടങ്ങിയ വിവിധ സ്രോതസ്സുകളിൽ നിന്നും ഹ്രസ്വകാലാടിസ്ഥാനത്തിൽ പ്രതിദിനം ശരാശരി 12 ദശ ലക്ഷം യൂണിറ്റോളം വൈദ്യുതി വാങ്ങിക്കുന്നതിനാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നതിന് പ്രസരണ ഇടനാഴി ലഭിക്കുന്നതിന് തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ഡി) ഉണ്ടെങ്കിൽ ഇക്കാര്യം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ? | (സി) & (ഡി) | വിവിധ വൈദ്യുതി വ്യാപാരികളിൽ നിന്ന് ഹ്രസ്വകാലാടിസ്ഥാനത്തിൽ 1500 മെഗാവാട്ട് വൈദ്യുതി വാങ്ങി ഉപയോഗിക്കാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസരണ ഇടനാഴിയുടെ അപര്യാപ്തത മൂലം മറ്റുമേഖലകളിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിന് ഓപ്പൺ അക്സസ് ലഭിക്കുന്നില്ല. കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന്റെ പുറത്തുനിന്നും കൊണ്ടു വരുന്നതിനുവേണ്ടി പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനായി വൈദ്യുതി ബോർഡ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) മീഡിയം ടേം ഓപ്പൺ അക്സസ്, ഷോർട്ട് ടേം ഓപ്പൺ അക്സസ് ഇവ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾ പ്രകാരം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് 2 പരാതികൾ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്.<br>2) കൂടുതൽ വൈദ്യുതി തമിഴ്നാട്, കേരളം ഉൾപ്പെടെയുള്ള എസ്2 മേഖലയിൽ നിന്നും വാങ്ങുന്നതിനും അങ്ങനെ പ്രസരണ ഇടനാഴിയുടെ അപര്യാപ്തത മൂലമുള്ള പ്രതിസന്ധി പരിഹരിക്കാനും നടപടികൾ സ്വീകരിച്ച് വരുന്നു.<br>കേന്ദ്രപൂളിൽ നിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.